DESPATCHED
On..15/.2/22

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1869(5)/18/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 8685/SIC-G7/2018**

സന്നിഹിത
ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി: 30.12.2021

ശ്രീ.ബെഷിമോൻമാത്യൂ,
കാച്ചിറയിൽഹൗസ്, നോർത്ത് പുന്നമറ്റം,
കടവൂർ പി.ഒ, കോതമംഗലം, എറണാകുളം – 686 671. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ, ഊന്നുകൽ പി.ഒ,
   നെല്ലിമറ്റം – 686 693.

2. അപ്പീൽ അധികാരി,
   ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   കോതമംഗലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 15.12.2017 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 30.01.2018 |
| ഒന്നാംഅപ്പീൽ | 14.05.2018 |
| അപ്പീൽ അധികാരിയുടെതീരുമാനം | 14.06.2018 |
| രണ്ടാംഅപ്പീൽസമർപ്പിച്ച തീയതി | 13.08.2018 |
| ഹിയറിംഗ്തീയതി, സ്ഥലം | 05.11.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

05.11.2021 ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരനും എതിർകക്ഷിയും ഓഡിയോ കോൺഫെറൻസ് മുഖാന്തിരം കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും, വിശദീകരണവും വിശദമായി പരിശോധിക്കുകയുണ്ടായി

2. ഊന്നുകൽ ലിറ്റിൽ ഫ്ളവർ ഹൈസ്ക്കൂളിലെ അധ്യാപികയായ ശ്രീമതി മാഫ്രിൽ മാണിയുടെ സേവന വേതന വ്യവസ്ഥയുമായി ബന്ധപ്പെട്ട വിവരം ഹർജിക്കാരൻ ആവശ്യപ്പെട്ടതിന് എസ്.പി.ഐ.ഒ 30.01.2018 ൽ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 14.05.2018 തീയതിയായി ഒന്നാം അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 14.06.2018 ന് തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സത്യസന്ധമായി നൽകിയിട്ടുണ്ടെന്നും രേഖകൾ നൽകുവാനുണ്ടായ കാലതാമസം മന:പൂർവ്വം അല്ലെന്നും ആയത് മാപ്പാക്കണമെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. സമയ പരിധിക്കുള്ളിൽ ഒന്നാം എതിർകക്ഷി മറുപടി ലഭ്യമാക്കാത്തതിനാൽ കോടതിയിൽ 57,000/- രൂപ അധികമായി ഒടുക്കേണ്ടി വന്നതുമൂലം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെന്നും സമയബന്ധിതമായി വിവരം ലഭ്യമാക്കിയിട്ടില്ലെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി. 15.12.2017 ലെ വിവരാവകാശ അപേക്ഷയ്ക്ക് 30.01.2018 നാണ് എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുള്ളത്. Minority വിഭാഗത്തിൽ വരുന്ന Aided School അധികൃതർ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരില്ലെന്ന് അന്വേഷണത്തിൽ അറിഞ്ഞതിനാലും, ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി.മാഫ്രിൻ മാണിയും ശ്രീ.ബെഷിമോൻ മാത്യൂവും തമ്മിൽ കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നതിനാൽ വ്യക്തിപരമായ വിവരങ്ങൾ നൽകരുതെന്ന് ശ്രീമതി മാഫ്രിൻ മാണി കത്ത് നൽകിയിട്ടുള്ളതിനാലുമാണ് വിവരം നൽകാൻ വൈകിയതെന്ന് എസ്.പി.ഐ.ഒ അറിയിക്കുന്നു. ഇതിൽ ആദ്യത്തേത് തെറ്റായ വിവരമാണ്. എയ്ഡഡ് സ്കൂളുകൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണെന്ന് എതിർകക്ഷിയെ ഓർമ്മപ്പെടുത്തുന്നു. 15.12.2017 ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം പൂർണ്ണമായി നൽകിയിട്ടുള്ളതായി കാണുന്നു.

4. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും മൊഴിയും വിശദമായി പരിശോധിച്ചതിൽ നിന്നും അപ്പീൽവാദി ആരോപിക്കുന്നതുപോലെ ഗുരുതരമായ വീഴ്ചകൾ എസ്.പി.ഐ.ഒ യുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും, 15 ദിവസത്തെ കാലതാമസമാണ് ഉണ്ടായിട്ടുള്ളതെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. മേൽ സാഹചര്യത്തിൽ വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് നിയമം അനുശാസിക്കുന്ന 30 ദിവസത്തിനുള്ളിൽ മറുപടി നൽകുവാൻ എസ്.പി.ഐ.ഒ ബാധ്യസ്ഥനാണ്. ഇവിടെ സംഭവിച്ചിട്ടുള്ള 15 ദിവസത്തെ കാലതാമസം എസ്.പി.ഐ.ഒ യുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെങ്കിലും ശിക്ഷാ നടപടിയിലേയ്ക്ക് കമ്മീഷൻ കടക്കുന്നില്ല. മേലിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കരുതെന്ന് എസ്.പി.ഐ.ഒ യ്ക്ക് കർശന നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജിയിന്മേലുള്ള മറ്റ് നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 30– ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻസെക്രട്ടറി**
Jn